**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 961** 05/02/2020-ലെ മറുപടി

## മുതല- പരുതൂർ-തിരുവേഗപ്പുറ കടിവെള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| എ) | മുതുതല -പരുതൂർ-തിരുവേഗപ്പുറ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; | (എ) | മുതുതല, പരുതൂർ, തിരുവേഗപ്പുറ പഞ്ചായത്തുകൾക്ക് വേണ്ടി 16 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണ ശാലയും കിണർ, സമ്പ്, വാട്ടർ ടാങ്ക്, പമ്പിങ് മെയിൻ പമ്പ് സെറ്റ് , മൂന്ന് പഞ്ചായത്തുകളിലേക്കുള്ള 360 കിലോമീറ്റർ വിതരണ ശൃംഖല തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ട ഒരു സമഗ്രകുടിവെള്ളപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട് . എന്നാൽ ഈ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് ഇതുവരെ തയാറാക്കിയിട്ടില്ല. ജല ശുദ്ധീകരണ ശാലയും മൂന്ന് പാഞ്ചായത്തുകൾക്കുമായി ടാങ്ക് നിർമിക്കുന്നതിന് ആവശ്യമായ 1.25 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട് . ഇത് ഏറ്റെടുത്തു കൈമാറുന്നതിന് ഗ്രാമ പഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചിട്ടുണ്ട് . |
| ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾപൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | മേൽ പറഞ്ഞ 1.25 ഏക്കർ സ്ഥലം ഗ്രാമപഞ്ചായത്തുകളിൽ നിന്നു ലഭ്യമാകേണ്ടതുണ്ട് . ഇത് ഏറ്റെടുത്തു കൈമാറുന്നതിന് ഗ്രാമ പഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചിട്ടുണ്ട് . |
| സി) | പദ്ധതി എന്നാരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും പദ്ധതിയുടെ പൂർത്തീകരണത്തിനായി എത്ര സമയം വേണ്ടി വരുമെന്നും വ്യക്തമാക്കാമോ? | സി) | ഭരണാനുമതി ലഭ്യമായാൽ ഈ പദ്ധതി ആരംഭിച്ച മൂന്ന് വർഷത്തിനകം പ്രവർത്തി പൂർത്തികരിക്കുവാൻ സാധിക്കും . എന്നാൽ കേരള വാട്ടർ അതോറിറ്റി ഇപ്പോൾ ഉല്പാദനഘടകങ്ങൾ പൂർത്തീകരിച്ചതും നിർമാണം നടന്നു കൊണ്ടിരിക്കുന്നതുമായ പദ്ധതികളിൽ വിതരണശൃംഖല സ്ഥാപിക്കുവാനുള്ള 128 പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട് . ഈ പദ്ധതികളുടെ പൂർത്തികരണത്തിനു ശേഷമേ പുതിയ പദ്ധതികൾ പരിഗണിക്കുകയുള്ളൂ . |

Renuka Sankar
സെക്ഷൻ ഓഫീസർ